**അനുബന്ധം**

<u>ശ്രീ. ടി. ഐ. മധുസൂദനൻ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി നൽകിയ മറുപടി</u>

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിലെ എരമം വില്ലേജിൽ ഐ.ടി. പാർക്കിനുവേണ്ടി ഏറ്റെടുത്തിരുന്ന ഭൂമി വ്യവസായ പാർക്ക് നടത്തുന്നതിനായി കിൻഫ്ര ഏറ്റെടുക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി 07-10-2021-ന് വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയും ഭൂമിയുടെ അനുയോജ്യത, സംരംഭകരുടെ ലഭ്യത, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തി ഒരു Feasibility Report സമർപ്പിക്കാനും പ്രസ്തുത ഭൂമി SEZ പരിധിയിലുള്ളതാണോയെന്ന് പരിശോധിക്കുകയും ആണെങ്കിൽ ഭൂമി Non SEZ ആക്കി മാറ്റാതെ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് നിലവിലെ പ്രായോഗിക തടസ്സങ്ങളുൾപ്പെടെയുള്ള കാര്യങ്ങൾ വിശദമാക്കി റിപ്പോർട്ട് സമർപ്പിക്കാനും എം.ഡി. കിൻഫ്രയെ ചുമതലപ്പെടുത്തുകയുണ്ടായി. ആയത് പ്രകാരം കിൻഫ്ര സമർപ്പിച്ച സാധ്യത പഠന റിപ്പോർട്ടിൽ പ്രസ്തുത സ്ഥലം പൊതുവിഭാഗത്തിലുള്ള ചെറിയ വ്യവസായ പാർക്കുകൾക്ക് അനുയോജ്യമാണെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

എരമം - കുറ്റൂർ, ചീമേനി എന്നീ സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്ന ഐ.ടി. പാർക്കുകൾ പ്രത്യേക സാമ്പത്തിക മേഖല (SEZ) പദവിയുള്ള പ്രദേശമാണെന്നും ടി ഭൂമി SEZ പദവിയിൽനിന്ന് ഒഴിവാക്കുന്നതിന് NOC ലഭിക്കുന്നതിലേയ്ക്കായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും കിൻഫ്രയ്ക്ക് ജനറൽ കാറ്റഗറി വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിലേയ്ക്കായി SEZ പദവി ആവശ്യമില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രത്യേക സാമ്പത്തിക മേഖല (SEZ) പദവിയുള്ള പ്രദേശങ്ങളിൽ ജനറൽ കാറ്റഗറി വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് നിലവിലെ വ്യവസായങ്ങൾക്ക് വിധേയമായി കഴിയുന്നതല്ലെന്നും SEZ മേഖലകളിൽ എക്സ്പോർട്ട് അധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾക്ക് മാത്രമേ പ്രവർത്തനാനുമതി നൽകുവാൻ കഴിയുള്ളൂവെന്നും ജനറൽ കാറ്റഗറി, മറ്റു തീം ബേസ്ഡ് പാർക്കുകളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന വസ്തുക്കളുടെ മാർക്കറ്റ് പൂർണ്ണമായും തദ്ദേശീയമായ വിപണി അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതായതിനാൽ SEZ പദവി

ഇല്ലാതിരിക്കുമ്പോഴാണ് വ്യവസായികൾക്ക് നിക്ഷേപം നടത്താനുള്ള സാധ്യത മുന്നിട്ടുനിൽക്കുന്നതെന്നും വിലയിരുത്തിയിട്ടുണ്ട്.

മേൽ പരാമർശിച്ചിരിക്കുന്ന ഭൂമി പ്രത്യേക സാമ്പത്തിക മേഖലയ്ക്കായി പ്രഖ്യാപിച്ചിട്ടുള്ള ഭൂമി ആയതിനാൽ വ്യവസായ വകുപ്പിന് കൈമാറുന്നതിലേയ്ക്കായി പ്രത്യേക സാമ്പത്തിക മേഖലയിൽനിന്നും മാറ്റിയെടുക്കേണ്ടതുണ്ട്. പ്രവർത്തനങ്ങൾ വേഗത്തിലാക്കുവാൻ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വ്യവസായ വകുപ്പിലേയും ഐ.ടി. വകുപ്പിലേയും ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ 09-01-2024-ൽ ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗതീരുമാനപ്രകാരം ഭൂമി പ്രത്യേക സാമ്പത്തിക മേഖലയിൽനിന്നും ഒഴിവാക്കിയെടുക്കുന്നതിനായി ചെലവാക്കുന്ന 1.52 കോടി രൂപ കമ്പനികൾ തമ്മിൽ ഒപ്പുവയ്ക്കുന്ന MoU-ലെ വ്യവസ്ഥകൾക്ക് വിധേയമായി കിൻഫ്ര, കെ.എസ്.ഐ.ടി.ഐ.എൽ.-ന് കൈമാറി. പ്രത്യേക സാമ്പത്തിക മേഖലയിൽനിന്നും ഭൂമി ഒഴിവാക്കാനുള്ള തുടർനടപടികൾ ഇലക്ട്രോണിക്സ് ആൻഡ് ഐ.ടി. വകുപ്പിൽ തുടർന്നുവരുന്നു. പ്രസ്തുത നടപടി പൂർത്തിയാക്കി

വ്യവസായ വകുപ്പിന് ഭൂമി കൈമാറ്റം ചെയ്ത് ലഭിക്കുന്നതോടെ വ്യവസായ പാർക്ക് ആരംഭിക്കുവാൻ കഴിയുന്നതാണ്.

13-12-2022-ലെ നക്ഷത്രചിഹ്നമിടാത്ത 2830-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

**മഞ്ചേരി മണ്ഡലത്തിൽ വൈദ്യുത ചാർജിംഗ് സ്റ്റേഷൻ**

(2830) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ വൈദ്യുത ചാർജിംഗ് സ്റ്റേഷന്റെ പ്രവൃത്തി സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) അടിയന്തരമായി ചാർജിംഗ് സ്റ്റേഷൻ പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ?

ഉത്തരം

(എ) മഞ്ചേരി മണ്ഡലത്തിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

1. IGBT ബസ് സ്റ്റാൻഡ്
2. ഹാജിയാർ പടി
3. ചൂരക്കാവ്
4. ആക്കപറമ്പ്
5. ഏപ്പിക്കാട്
6. നെല്ലിപ്പറമ്പ്
7. മഞ്ചേരി - പാണ്ടിക്കാട് റോഡ്
8. വൈദ്യുതി ഭവനം

ഇവയിൽ ചൂരക്കാവ്, ഏപ്പിക്കാട് എന്നീ സ്റ്റേഷനുകൾ പ്രവർത്തനക്ഷമമമാണ്. ചില സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിനാൽ ശേഷിക്കുന്ന സ്റ്റേഷനുകൾ പ്രവർത്തനക്ഷമമാകുന്നതേയുള്ളൂ.

(ബി) ശേഷിക്കുന്ന 6 സ്റ്റേഷനുകൾ അടിയന്തരമായി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

02-02-2023-ലെ നക്ഷത്രചിഹ്നമിടാത്ത 728-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

## മഞ്ചേരി മണ്ഡലത്തിലെ വൈദ്യുത ചാർജിംഗ് സ്റ്റേഷനുകൾ

(728) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജക മണ്ഡലത്തിൽ സ്ഥാപിച്ചിട്ടുള്ള വൈദ്യുത ചാർജിംഗ് സ്റ്റേഷനുകൾ സംബന്ധിച്ച നിയമസഭാ ചോദ്യത്തിന് തെറ്റായ ഉത്തരം നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ ഇനിയും പ്രവർത്തിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ചാർജിംഗ് സ്റ്റേഷനുകൾ അടിയന്തരമായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത മണ്ഡലത്തിലെ ഏതൊക്കെ സ്ഥലങ്ങളിലാണ് വൈദ്യുത ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ ചാർജിംഗ് പോയിന്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചു എന്ന കെ.എസ്.ഇ.ബി.എൽ-ൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അത്തരത്തിൽ നിയമസഭാ ചോദ്യത്തിന് മറുപടി നൽകിയിരുന്നത്. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ സർവീസ് കണക്ഷൻ കൊടുത്തിരുന്നില്ലെന്നും ആയതുമൂലം ചാർജിംഗ് പോയിന്റുകൾ പ്രവർത്തനക്ഷമമായിരുന്നില്ലെന്നും കെ.എസ്.ഇ.ബി.എൽ ഇപ്പോൾ അറിയിച്ചിട്ടുണ്ട്. നിയമസഭാ ചോദ്യം സംബന്ധിച്ച തെറ്റായ വിശദാംശങ്ങൾ നൽകിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് ശക്തമായ താക്കീത് നൽകിയിട്ടുണ്ട്.

(ബി) മതിയായ എർത്ത് റെസിസ്റ്റൻസ് വാല്യൂ ലഭിക്കാത്തതുകൊണ്ടാണ് ചാർജിംഗ് പോയിന്റുകൾ പ്രവർത്തനക്ഷമമാകാത്തത്.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത മണ്ഡലത്തിലെ താഴെപ്പറയുന്ന സ്ഥലങ്ങളിലാണ് പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളത്.

1. IGBT ബസ് സ്റ്റാൻഡ്

2.ഹാജിയാർപടി

3. ചൂരക്കാവ്

4. ആക്കപറമ്പ്

5. എപ്പിക്കാട്

6. നെല്ലിപ്പറമ്പ്

7. മഞ്ചേരി-പാണ്ടിക്കാട് റോഡ്

8. വൈദ്യുതി ഭവനം

ഇവയിൽ ചൂരക്കാവ്, എപ്പിക്കാട് എന്നീ സ്റ്റേഷനുകൾ പ്രവർത്തനക്ഷമമാണ്. ചില സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിനാൽ ശേഷിക്കുന്ന സ്റ്റേഷനുകൾ പ്രവർത്തനക്ഷമമാകുന്നതേയുള്ളൂ.